**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *338**

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ. എസ്.ശർമ്മ**<br>**ശ്രീ. കെ. ബാബു**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ലാഭത്തിലായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്രസർക്കാർ നയങ്ങൾ കൊണ്ട് പ്രതിസന്ധിയിലായതിനാൽ സംസ്ഥാന സർക്കാർ ആ കമ്പനി ഏറ്റെടുക്കാൻ തയ്യാറായതിനോട് കേന്ദ്രം അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻെറ സബ്സിഡിയറി കമ്പനിയായി കേരളത്തിലെ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ). ഇതിനെ സ്വകാര്യവൽക്കരിക്കുന്ന നടപടികളിൽ നിന്ന് പിന്മാറണമെന്ന് നിരവധി മാർഗ്ഗങ്ങളിലൂടെ കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല.<br><br>നിലവിൽ എച്ച്എൻ.എൽ-ൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്ത് ഒഫീഷ്യൽ ലിക്വിഡേറ്ററേ നിയമിച്ചിട്ടുണ്ട്. സർക്കാർ എച്ച്എൻ.എൽ ഏറ്റെടുക്കാൻ താല്പര്യം കാണിച്ച് ഒഫീഷ്യൽ ലിക്വിഡേറ്ററിന് കത്തയച്ചിട്ടുണ്ട്. |
| (ബി) | കഞ്ചിക്കോട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേന്ദ്രസർക്കാരിൽ നിന്ന് ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാർ നീക്കത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; സ്ഥലവിലയായി അറുനൂറ് കോടി രൂപ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇത് ഏറ്റെടുക്കലിനെ ബാധിക്കുമോ; | (ബി) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡിൻെറ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിൻെറ ഭാഗമായി ഇതിൻെറ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതതല സമിതിയുടെ ശിപാർശയനുസരിച്ച് ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | G.O(Ms) No.52/2018/ID തീയതി, 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു.<br><br>തുടർന്ന് 16/11/2018 ൽ കേന്ദ്ര - സംസ്ഥാന സെക്രട്ടറിമാർ തമ്മിൽ നടത്തിയ ചർച്ചയുടെ ഫലമായി തയ്യാറാക്കിയ കരട് ധാരണപത്രം കേന്ദ്ര സർക്കാരിൻെറ അന്തിമ അംഗീകാരത്തിനായി നൽകിയിരുന്നുവെങ്കിലും കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിൻെറ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിൻെറ ആവശ്യമാണ് ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിരിക്കുന്നത്. |
| (സി) | വൻലാഭത്തിലുള്ള ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് വിറ്റഴിക്കുന്നതിന്റെ ഭാഗമായി കണക്കെടുപ്പ് തുടങ്ങിയതായ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | നീതി ആയോഗിൻെറ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിലെ കേന്ദ്ര സർക്കാരിൻെറ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്രസർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ആസ്തികളുടെ മൂല്യനിർണ്ണയത്തിനായുള്ള കൺസൾട്ടന്റിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് ലഭ്യമായ വിവരം. |
| (ഡി) | വളരെ കുറഞ്ഞ അളവിൽ മാത്രം കേന്ദ്ര നിക്ഷേപമുള്ള സംസ്ഥാനത്തിന്റെ താല്പര്യം പരിഗണിച്ച് സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്താൻ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേരളത്തിന് സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിലും കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുന്നതിനായി തീരുമാനിച്ചിട്ടുളള കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡുളള ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിൽ ഭെല്ലിന്റെ കൈവശമുളള 51% ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനുള്ള കരട് 'Agreement for Sale', 07.09.2019 തീയതിയിലെ G.O.(Ms) No.78/2019/ID പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ